ഗ്രാമപ്രദേശങ്ങളിലുള്ള സർക്കാർ സ്കൂളുകളിലെ മെച്ചപ്പെട്ട ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കാൻ നടപടി

15 (* 644) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഗ്രാമപ്രദേശങ്ങളിലുള്ള സർക്കാർ സ്കൂളുകളിൽ മെച്ചപ്പെട്ട ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ തയ്യാറാകുമോ ;

(സി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര ശതമാനം സ്കൂളുകൾ ഓലഷെഡ്ഡുകളിൽ പ്രവർത്തിക്കുന്നു ;

(ഡി) ഇവ അനുയോജ്യമായ സുരക്ഷയുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റുവാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി) :

(എ) ഉണ്ട്.

(ബി) പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ആകെയുള്ള 4491 ഗവൺമെന്റ് സ്കൂളുകളിൽ 457 അതായത് 10% സ്കൂളുകൾ ഓലഷെഡ്ഡിൽ പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി 90 അപ്പർ പ്രൈമറി 130, ഹൈസ്കൂൾ-231.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം

16 (* 645) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ.സി. പരീക്ഷയുടെ റീവാല്യൂവേഷനിൽ ഓരോ പേപ്പറിലും പരമാവധി എത്രമാർക്ക് വരെ വ്യത്യാസം വന്നിട്ടുണ്ട് ;

(ബി) ഇത്രയും വ്യത്യാസം വന്നത് അശ്രദ്ധമായി പേപ്പർ പരിശോധന നടത്തിയതിനാലാണോ ; എങ്കിൽ പരിശോധകരുടെ മേൽ തക്കതായ നടപടി സ്വീകരിക്കുമോ ;

(സി) ഇനിയും അശ്രദ്ധമായ പരിശോധന ഒഴിവാക്കുന്നതിനുവേണ്ടി ഇവർക്കെതിരെ സ്വീകരിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തുസൂപ്പി) :

(എ) 2003 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ.സി. പരീക്ഷയുടെ റീവാല്യൂവേഷനിൽ ഓരോ പേപ്പറിലും വന്ന പരമാവധി മാർക്ക് വ്യത്യാസം ചുവടെ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിഷയം	മാർക്ക് വ്യത്യാസം
മലയാളം I	12
മലയാളം II	12
ഇംഗ്ലീഷ് I	24
ഇംഗ്ലീഷ് II	21
ഹിന്ദി	31
ചരിത്രവും പൗരധർമ്മവും	11
ഭൂമിശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും	23
ഭൗതിക ശാസ്ത്രം	35
രസതന്ത്രം	20
ജീവശാസ്ത്രവും ആരോഗ്യശാസ്ത്രവും	37
കണക്ക് പേപ്പർ I	38
കണക്ക് പേപ്പർ II	37
സംസ്കൃതം (അക്കാഡമിക്)	14
സംസ്കൃതം (ഓറിയന്റൽ)	2
സ്പെഷ്യൽ ഇംഗ്ലീഷ്	6

(ബി) റീവാല്യുവേഷനിൽ വ്യത്യാസം വന്നത് പ്രധാനമായും വാല്യൂ ചെയ്ത അദ്ധ്യാപകർ മാർക്ക് കൂട്ടി എഴുതുന്നതിൽ വരുന്ന പിശക് മൂലമാണ്. ഇപ്രകാരം തെറ്റു വരുത്തിയ അദ്ധ്യാപകരുടെമേൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അഞ്ച് വർഷംവരെ പരീക്ഷാ സംബന്ധമായ എല്ലാ ജോലികളിൽ നിന്നും മാറ്റി നിർത്തും.

സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

17 (* 646) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനികളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly